# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 503

01.12.2015-ലെ മറുപടിയ്ക്ക്

## കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ , പ്രാഥമിക വായ്പാ സംഘങ്ങൾ, ഇനിയും അംഗങ്ങളായിട്ടില്ലാത്ത സംഘങ്ങൾ എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ 3887 വായ്പാ സഹകരണ സംഘങ്ങളും, ക്ഷേമ വികസന പദ്ധതിയിൽ 2540 സഹകരണ സംഘങ്ങളും അംഗങ്ങളായിട്ടുണ്ട്. 31.3.2015 ൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 11273 സംഘങ്ങളിൽ മേൽ സംഘങ്ങൾ ഒഴികെ മറ്റ് സംഘങ്ങൾ അംഗങ്ങൾ ആയിട്ടില്ല. |
| (ബി) ക്ഷേമനിധിയിൽ നിലവിൽ എന്ത് തുകയുണ്ട്; | (ബി) നിലവിൽ കേരള സഹകരണ ക്ഷേമ വികസന നിധിയിൽ 14,72,97,103/- രൂപയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 48,25,22,271/- രൂപയും ബാക്കി നിൽപ്പുണ്ട്. |
| (സി) ക്ഷേമനിധിയിൽ നിന്ന് ഇതിനകം മൊത്തം എത്ര തുക ബാധ്യത ഒഴിവാക്കുന്നതിലേക്ക് ചെലവഴിക്കുകയുണ്ടായി; | (സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നും 24.11.2015 വരെ 23082 വായ്പകളുടെ ബാദ്ധ്യത ഒഴിവാക്കുന്നതിനായി 154,79,28,156/- രൂപ ചെലവഴിക്കുകയുണ്ടായി. |

(ഡി) ക്ഷേമനിധി ബോർഡ് ആരംഭിച്ച വർഷം മുതൽ ഇതുവരെയുള്ള പ്രവർത്തന ചെലവ് വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ആരംഭിച്ച വർഷം മുതൽ ഇതുവരെയുള്ള പ്രവർത്തന ചെലവ് വർഷം തിരിച്ച് ചുവടെ പരാമർശിക്കുന്നു.

| വർഷം | പ്രവർത്തന ചെലവ് (രൂപ) |
|---|---|
| 2000-2001 | 21,806 |
| 2001-2002 | 43,881 |
| 2002-2003 | 50,049 |
| 2003-2004 | 3,46,005 |
| 2004-2005 | 5,58,196 |
| 2005-2006 | 6,35,590 |
| 2006-2007 | 3,06,699 |
| 2007-2008 | 14,83,298 |
| 2008-2009 | 15,66,938 |
| 2009-2010 | 19,10,010 |
| 2010-2011 | 25,33,600.58 |
| 2011-2012 | 45,80,785 |
| 2012-2013 | 58,31,479 |
| 2013-2014 | 82,48,851 |
| 2014-2015 | 1,22,62,258 |

(ഇ) എവിടെയെല്ലാം ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നു; അവയ്ക്കായി സ്വകാര്യ കെട്ടിടങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ വാടക, മെയിന്റനൻസ്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവയ്ക്ക് ചെലവായ തുക എത്ര;

(ഇ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഹെഡ് ആഫീസ് തിരുവനന്തപുരത്തും, റീജിയണൽ ആഫീസ് തൃശ്ശൂരും പ്രവർത്തിക്കുന്നു. വാടകയിനത്തിൽ പ്രതിമാസം ഹെഡ് ആഫീസിന് 49,472/- രൂപയും റീജിയണൽ ആഫീസിന് 20,837/- രൂപയും ചെലവാകുന്നു. ആഫീസ് പ്രവർത്തനത്തിന് ഹെഡ് ആഫീസിൽ 7,62,406/- രൂപയും, റീജിയണൽ ആഫീസിൽ 3,56,861/- രൂപയും ചെലവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | നിലവിൽ ബോർഡിൽ എത്ര സ്റ്റാഫ് അംഗങ്ങൾ ഉണ്ട് ; താത്കാലിക ജീവനക്കാർ എത്ര? | (എഫ്) | സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന ഒരു ജോയിന്റ് രജിസ്ട്രാർ സെക്രട്ടറിയായും, 2 അസിസ്റ്റന്റ് രജിസ്ട്രാർമാർ മാനേജർമാരായും ജോലി നോക്കുന്നതുൾപ്പെടെ 47 ജീവനക്കാരാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ജോലി ചെയ്യുന്നത്. ഇതിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 2 പേരും, കരാർ അടിസ്ഥാനത്തിൽ 21 പേരും ഉൾപ്പെടെ 23 പേർ താൽക്കാലിക ജീവനക്കാരാണ്. |

സെക്ഷൻ ഓഫീസർ